ഭരണഭാഷ-മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**

**dtekerala@gmail.com**

**04712561307**

**<u>നടപടിക്രമം</u>**

വിദ്യാഭ്യാസം - സാങ്കേതികം - സാമൂഹ്യ നീതി വകുപ്പിലെ കാർപ്പൻടി ഇൻസ്ട്രക്ടർ, ശ്രീ രതീഷ് ആർ ആർ - നെ തസ്തികയോടെ , സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ, ബാർട്ടൺഹിൽ എഞ്ചിനീയറിങ് കോളേജിൽ - നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

*ജീവനജീവനക്കാര്യം ബി വിഭാഗം*

**EB2/6742/2024/DTE** തിരുവനന്തപുരം , **19-08-2024**

---

*വായന:-* **1.OA 1315/2023** - ൻമേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ **14.07.2023** ലെ അന്തിമ വിധിന്യായം

**2. 27.06.2024** ലെ **218/2024/WCDD** നമ്പർ സർക്കാർ ഉത്തരവ്

**<u>ഉത്തരവ്</u>**

വനിതാ ശിശു വികസന വകുപ്പിൽ കാർപ്പൻറ്റി ഇൻസ്ട്രക്ടർ തസ്തികയിൽ ജോലി നോക്കുന്ന ശ്രീ രതീഷ് ആർ ആർ, നിലവിൽ ജോലി ഇല്ലാതെയാണ് ടിയാന് ശമ്പളം നൽകുന്നതെന്നും, അതിനാൽ ടിയാനെ **Prison and Correctional** സർവീസ് വകുപ്പ് അല്ലെങ്കിൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് എന്നിവിടങ്ങളിൽ എവിടെയെങ്കിലും സീനിയോറിറ്റി നഷ്ടമാകാതെ പുനർ വിന്യസിപ്പിക്കണമെന്നും ആവശ്യപ്പെട്ട് **OA-1315/2023** ഫയൽ ചെയ്തു . ആയതിന്റെ അന്തിമ വിധി പ്രകാരം ഹർജിക്കാരനെ ഹിയറിങ് നടത്തി അനുയോജ്യമായ തീരുമാനം കൈക്കൊള്ളുന്നതിന് സർക്കാരിനെ സൂചന **1** പ്രകാരം ചുമതലപ്പെടുത്തിയിരുന്നു.

സാമൂഹ്യ നീതി വകുപ്പിലെ കാർപ്പൻറ്റി ഇൻസ്ട്രക്ടർ തസ്തികയിൽ ജോലി നോക്കുന്ന ശ്രീ രതീഷ് ആർ ആർ - നെ ടിയാൾ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ സീനിയോറിറ്റിയ്ക്ക് കണക്കാക്കും എന്ന വ്യവസ്ഥയിൽ വനിതാ ശിശു വികസന വകുപ്പിലെ കാർപ്പൻറ്റി ഇൻസ്ട്രക്ടർ തസ്തിക സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലേയ്ക്ക്

ഷിഫ്റ്റ് ചെയ്തു OA 1315/2023 - ന്റെ അന്തിമ വിധിന്യായം നടപ്പാക്കി സർക്കാർ ഉത്തരവായിരിക്കുന്നു.

മേൽ സാഹചര്യത്തിൽ സാമൂഹ്യ നീതി വകുപ്പിലെ കാർപ്പന്ററി ഇൻസ്ട്രക്ടർ തസ്തികയിൽ ജോലി നോക്കുന്ന ശ്രീ രതീഷ് ആർ ആർ - നെ ടിയാൾ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ സീനിയോറിറ്റിയ്ക്ക് കണക്കാക്കും എന്ന വ്യവസ്ഥയിൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ ബാർട്ടൺഹിൽ സർക്കാർ എഞ്ചിനീയറിങ് കോളേജിൽ (സാമൂഹ്യ നീതി വകുപ്പിലെ കാർപ്പന്ററി ഇൻസ്ട്രക്ടർ തസ്തികയോടെ) ട്രേഡ് ഇൻസ്ട്രക്ടർ ഗ്രേഡ് II തസ്തികയിൽ നിയമിച്ച് ഉത്തരവാകുന്നു.

ടിയാന്റെ ശമ്പള നിർണ്ണയം സംബന്ധിച്ച നടപടികൾ ഉന്നത വിദ്യഭാസ വകുപ്പിൽ നിന്നും ഉത്തരവാകുന്ന മുറയ്ക്ക് നടത്തിയാൽ മതിയാകുന്നതാണ്. ഈ വകുപ്പിലെ പൊതു സ്ഥലം മാറ്റ മാനദണ്ഡങ്ങൾ ടിയാന് ബാധകമായിരിക്കും .

**SHALIJ P R**

**DIRECTOR**

1. ബന്ധപ്പെട്ട സ്ഥാപന മേധാവിയ്ക്ക് ഔദ്യോഗിക വെബ്സൈറ്റ് മുഖേന
2. ശ്രീ രതീഷ് ആർ ആർ

ആർ ആർ ഭവൻ ,മലയിൽകോണം, നന്നാട്ടുകാവ് , പോത്തൻകോട് പി ഓ , തിരുവനന്തപുരം -6955

Signed by
Shalij P R
Date: 19-08-2024 08:12:58